# നിയന്ത്രണം വിരൽത്തുമ്പിൽ

## (കുട്ടികളും ഊർജസംരക്ഷണവും)

വി. വി. ഗോവിന്ദൻ



# നിയന്ത്രണം വിരൽത്തുമ്പിൽ

## (കുട്ടികളും ഊർജസംരക്ഷണവും)

**വി.വി. ഗോവിന്ദൻ**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

എനർജി മാനേജ്മെന്റ് സെന്റർ-കേരള
തിരുവനന്തപുരം

## വി. വി. ഗോവിന്ദൻ

കണ്ണൂർ ജില്ലയിലെ ചെറുപഴശ്ശി തായംപൊയിൽ സ്വദേശി, 1946-ൽ ജനിച്ചു. പിതാവ് കുഞ്ഞമ്പു നായർ. മാതാവ് പാറുഅമ്മ. മയ്യിൽ ഗവ. ഹൈസ്കൂൾ, കണ്ണൂർ ഗവ. പോളിടെക്നിക് എന്നിവിടങ്ങളിൽ പഠനം. 36 വർഷക്കാലം മഹാരാഷ്ട്ര വൈദ്യുതിബോർഡിൽ എഞ്ചിനീയർ; ഡെപ്യൂട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ പദവിയിൽനിന്ന് വിരമിച്ചു. തായംപൊയിൽ സഫ്ദർ ഹാഷ്മി ഗ്രന്ഥാലയം നിർവാഹകസമിതി അംഗം. ആനുകാലികങ്ങളിൽ കഥകൾ എഴുതുന്നു.

E.M.C. റിസോഴ്സ് പേഴ്സൺ - കഴിഞ്ഞ അഞ്ചുവർഷക്കാലമായി സഫ്ദർ ഹാഷ്മി ഗ്രന്ഥാലയവുമായി ബന്ധപ്പെട്ട് ഊർജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.


ഭാര്യ: പത്മിനി. മക്കൾ: ശില്പ, ശരദ്.

വിലാസം: 'അദ്വൈതം', കാര്യംപറമ്പ് പി.ഒ.
ചെറുപഴശ്ശി (മയ്യിൽ), കണ്ണൂർ 670001.

ഫോൺ: 974521253.

| | | |
|---|---|---|
| ജനറൽ എഡിറ്റർ | ▸ | ഡോ. സത്യൻ എം. |
| എഡിറ്റർ | ▸ | വിദ്യ എസ്. |
| പ്രൂഫ് | ▸ | എം.ജെ. ഷെർളി |
| കവർ | ▸ | ബുക്ക്ഫിനിറ്റി പബ്ലിക്കേഷൻസ് |

| | | |
|---|---|---|
| General Editor | ▸ | Dr. Sathian M. |
| Editor | ▸ | Vidya S. |
| Proof | ▸ | M.J. Sherly |
| Cover | ▸ | Bookfnity Publications |



## ആമുഖം

സൂര്യനാണ് നമ്മുടെ പ്രാഥമിക ഊർജദാതാവെങ്കിലും മനുഷ്യ രാശിയുടെ നിലനിൽപ്പിന്, ഭൂമിയിൽ ലഭ്യമായ ഖനിജോർജ സ്രോതസ്സുകളെ നിലനിർത്തേണ്ടത് അത്യന്താപേക്ഷിത മാണെന്നു പറയാം. പുനഃസ്ഥാപിക്കാൻ കഴിയാത്ത (Non renewable) ഊർജസ്രോതസ്സുകളായ കൽക്കരി, പെട്രോളിയം, ആണവോർജം മുതലായവ അടുത്ത 50-60 വർഷങ്ങൾക്കകം അപ്രത്യക്ഷമാകുമെന്ന് വിവിധ ഊർജസംരക്ഷണ ഗവേഷണ പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. അതിനാൽത്തന്നെ കാര്യക്ഷമമായ ഊർജോപയോഗവും സംരക്ഷണവും പ്രാവർത്തികമാക്കേണ്ടത് അനിവാര്യമാണ്. ആവശ്യത്തിനുമാത്രം ഇത്തരം ഖനിജോർജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തി പരമാവധി ഊർജനഷ്ടം ഒഴിവാക്കുന്ന ഒരു ഊർജോപഭോഗസംസ്കാരം വളർത്തിയെ ടുത്താൽ മാത്രമേ ഭാവിതലമുറകൾക്ക് ഈ ഊർജസമ്പത്ത് പ്രയോജനപ്പെടുകയുള്ളൂ. കൂടാതെ, വർത്തമാനകാല ആവശ്യങ്ങൾ ക്കുള്ള ഊർജോൽപ്പാദനത്തിനായി പരിസ്ഥിതി സൗഹൃദമായ സൗരോർജവും ഭൗമതാപം, കാറ്റ്, തിരമാല മുതലായവയിൽ നിന്നുള്ള ഊർജവും പ്രയോജനപ്പെടുത്തിയാൽ ഒരുപരിധിവരെ പരിസ്ഥിതി മലിനീകരണം തടയാനും ആഗോളതാപനത്തിന്റെ തോത് കുറയ്ക്കാനും നമുക്ക് സാധിച്ചേക്കും.

എനർജി മാനേജ്മെന്റ് സെന്റർ കേരളയുടെ സഹായ ത്തോടെ ഊർജസംരക്ഷണമേഖലയിൽ കേരള ഭാഷാ ഇൻസ്റ്റി റ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന രണ്ടാമത്തെ പുസ്തകമാണ് വി.വി. ഗോവിന്ദൻ രചിച്ച 'നിയന്ത്രണം വിരൽത്തുമ്പിൽ: കുട്ടികളും ഊർജ സംരക്ഷണവും.' കുട്ടികളിൽ ഊർജസംരക്ഷണ അവബോധം സൃഷ്ടിക്കാൻ സഹായിക്കുന്ന രീതിയിൽ സംഭാഷണരൂപേണ യാണ് ഈ പുസ്തകം ഗ്രന്ഥകാരൻ രചിച്ചിട്ടുള്ളത്. ഊർജസംര ക്ഷണത്തിന്റെ പ്രാധാന്യം, ഊർജസ്രോതസ്സുകൾ, വിവിധ ഊർജോൽപ്പാദന-ഉപയോഗരീതികൾ, നല്ല ഊർജക്ഷമതയുള്ള

ഗാർഹികോപകരണങ്ങളുടെ തിരഞ്ഞെടുക്കലും പ്രവർത്തനവും, ഊർജസംരക്ഷണ മാർഗങ്ങളും നിർദേശങ്ങളും തുടങ്ങിയവ ലളിതമായ ഭാഷയിൽ ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഊർജസംരക്ഷണാശയങ്ങൾ പുതുതലമുറയ്ക്ക് പകർന്നു നൽകാനും ഹരിതസുന്ദരമായ നാളെയെ കെട്ടിപ്പടുക്കാനും കുട്ടികൾക്ക് ഈ പുസ്തകം ഒരു മുതൽക്കൂട്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
ഫെബ്രുവരി, 2024

ഡോ. സത്യൻ എം.
വിദ്യ എസ്.

## മുഖവുര


ഊർജസംരക്ഷണവിഷയങ്ങളിൽ മലയാളത്തിൽ കൂടുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഇ.എം. സിയിലെ ഭരണഭാഷാ പ്രോത്സാഹനസമിതി എഴുത്തുകാരിൽ നിന്നും താല്പര്യപത്രം ക്ഷണിക്കുകയുണ്ടായി. അതനുസരിച്ച് ലഭിച്ച രണ്ടാമത്തെ പുസ്തകമാണ് ശ്രീ. വി. വി. ഗോവിന്ദൻ രചിച്ച 'നിയന്ത്രണം വിരൽത്തുമ്പിൽ - കുട്ടികളും ഊർജ സംരക്ഷണവും' എന്ന ഈ പുസ്തകം. എഴുത്തുകാരും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്നുള്ള പുസ്തകപ്രസിദ്ധീകരണത്തിലെ ആദ്യത്തെ പുസ്തകമായ ഡോ. സി. ജയരാമൻ രചിച്ച 'ഊർജ്ജായനം' 2023 നവംബർ ഒന്നിനാണ് പ്രകാശനം ചെയ്തത്.

വൈദ്യുതിമേഖലയിൽ 36 വർഷം സേവനപരിചയമുള്ള ശ്രീ. വി.വി. ഗോവിന്ദൻ വളരെ ലളിതമായാണ് വൈദ്യുതി ഉല്പാദനത്തെക്കുറിച്ചും വിതരണത്തെക്കുറിച്ചും ഊർജസംരക്ഷണത്തെക്കുറിച്ചുമൊക്കെ വിവരിച്ചിരിക്കുന്നത്. പരിചയസമ്പന്നതയുടെ ആ തിളക്കം ഓരോ വിവരണങ്ങളിലും കാണാം. പുസ്തകത്തിലെ സംഭാഷണമാതൃകയിലുള്ള വിവരണങ്ങളും ചിത്രങ്ങളും വരകളും കുട്ടികളെ വായിക്കാൻ പ്രേരിപ്പിക്കുന്നവയാണ്.

ഇ.എം.സി യുമായി സഹകരിച്ച് പുസ്തകം പ്രസിദ്ധീകരിക്കുന്നതിനു തയാറായ ശ്രീ. വി.വി ഗോവിന്ദന് നന്ദി. ഊർജസംരക്ഷണവിഷയങ്ങളിൽ മലയാളത്തിൽ കൂടുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക എന്ന ഞങ്ങളുടെ ഉദ്യമം വിജയമാക്കിത്തന്ന എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു. വായനക്കാരുടെ അഭിപ്രായം ഞങ്ങൾക്ക് വിലയേറിയതാണ്. എല്ലാ വായനക്കാരുടെയും ആത്മാർഥമായ അഭിപ്രായം പ്രതീക്ഷിച്ചുകൊള്ളുന്നു.

തിരുവനന്തപുരം
01-12-2023

**ഡോ. ആർ. ഹരികുമാർ**
**ഡയറക്ടർ, ഇ.എം.സി.**



# നിയന്ത്രണം വിരൽത്തുമ്പിൽ

(കുട്ടികളും ഊർജസംരക്ഷണവും)

**വി. വി. ഗോവിന്ദൻ**

കുട്ടികളിൽ ഊർജ സംരക്ഷണാവബോധം സൃഷ്ടിക്കാൻ സഹായിക്കുന്ന രീതിയിൽ സംഭാഷണരൂപേണ രചിക്കപ്പെട്ട പുസ്തകം. ഊർജസംരക്ഷണത്തിന്റെ പ്രാധാന്യം, വിവിധ ഊർജോൽപ്പാദന - ഉപയോഗരീതികൾ, നല്ല ഊർജ ക്ഷമതയുള്ള ഗാർഹികോപകരണങ്ങളുടെ തിരഞ്ഞെടുക്കൽ, ഊർജസംരക്ഷണ മാർഗങ്ങളും നിർദേശങ്ങളും തുടങ്ങിയവ ലളിതമായ ഭാഷയിൽ ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

ISBN 9789361008122

9 789361 008122

SIL 5414 ₹200/-

CONTACT - 9446086212